**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 339** **05-12-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരം പിടിച്ചു നിർത്തുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരം പിടിച്ചു നിർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരം പിടിച്ചു നിർത്തുന്നതിന് സർക്കാർ കാര്യക്ഷമമായ വിപണിയിടപെടൽ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.<br><br>ഇതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ (4 ഇനം അരി, പഞ്ചസാര, മുളക്, മല്ലി, 5 ഇനം പയറുവർഗ്ഗങ്ങൾ, വെളിച്ചെണ്ണ തുടങ്ങിയവ) പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വില്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തതുമൂലം 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷം (ഒക്ടോബർ-2022 വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br><br>സബ്സിഡിയിൽ വില്ക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, പുളി, ഏലം, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം |

വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, Fast Moving Consumer Goods ഉൽപ്പന്നങ്ങളും Maximum Retail Price നേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ നടപടി മൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നതിൽ ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നുണ്ട്.

90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിറ്റ് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു.

ഈ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും തുണിസഞ്ചിയുൾപ്പെടെ 14 ഇനം അവശ്യസാധനങ്ങൾ ഉൾപ്പെടുത്തിയ 85,69,583 ഭക്ഷ്യ കിറ്റുകൾ തയ്യാറാക്കി വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15,590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27/08/2022 മുതൽ 07/09/2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ടി ചുരുങ്ങിയ കാലയളവിൽ മാത്രം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ ഏകദേശം 2.64 കോടി രൂപയുടെ വില്പന നടന്നു. ഓണം ഫെയറുകളിൽ നിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് സാധിച്ചു.

റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം

| | | | |
|---|---|---|---|
| | | | നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.<br><br>കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടേയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ച് ചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ച് നിർത്താനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്. |
| (ബി) | റേഷൻകടകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും ലഭ്യമാക്കുന്ന പദ്ധതി ആലോചനയിലുണ്ടോ ; എങ്കിൽ വിശദമാക്കാമോ; | (ബി) | മിൽമയുടെ സംഭരണശേഷി കൂടുതലുള്ള ഉൽപ്പന്നങ്ങൾ, ചോട്ടു ഗ്യാസ്, സപ്ലൈകോയുടെ തെരഞ്ഞെടുക്കപ്പെട്ട സബ്സിഡി ഉൽപ്പന്നങ്ങൾ എന്നിവ റേഷൻ കടകൾ വഴി വിതരണം നടത്തുന്നതിനായി 'കെ-സ്റ്റോർ' എന്ന പദ്ധതി സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>കെ- സ്റ്റോർ വഴി 5 കിലോഗ്രാം ഫ്രീ ട്രേഡ് LPG (FTL) സിലിണ്ടറുകൾ വിപണനം ചെയ്യുന്നതിന് ധാരണാപത്രം ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ഒപ്പ് വച്ചിട്ടുണ്ട്. പദ്ധതിയുടെ തുടക്കത്തിൽ 14 ജില്ലകളിൽ നിന്നും 72 ന്യായവില കടകൾ വഴിയാണ് വില്പന നടത്തുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) | റേഷൻ കടകൾ വഴി എൽ.പി.ജി. വിതരണം നടത്തുന്ന പദ്ധതി ആലോചനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | മിൽമയുടെ സംഭരണശേഷി കൂടുതലുള്ള ഉൽപ്പന്നങ്ങൾ, ചോട്ടു ഗ്യാസ്, സപ്ലൈകോയുടെ തെരഞ്ഞെടുക്കപ്പെട്ട സബ്സിഡി ഉൽപ്പന്നങ്ങൾ എന്നിവ റേഷൻ കടകൾ വഴി വിതരണം നടത്തുന്നതിനായി 'കെ-സ്റ്റോർ' എന്ന പദ്ധതി സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>കെ- സ്റ്റോർ വഴി 5 കിലോഗ്രാം ഫ്രീ ട്രേഡ് LPG (FTL) സിലിണ്ടറുകൾ വിപണനം ചെയ്യുന്നതിന് ധാരണാപത്രം ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ഒപ്പ് വച്ചിട്ടുണ്ട്. പദ്ധതിയുടെ തുടക്കത്തിൽ 14 ജില്ലകളിൽ നിന്നും 72 ന്യായവില കടകൾ വഴിയാണ് വില്പന നടത്തുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ